(ബി) അടുത്ത് പുതിയതായി അനുവദിക്കാൻ പോകുന്ന ബ്ലോക്കുകൾ ഏത്ര ;

(സി) പുതിയതായി അനുവദിക്കുവാൻ പോകുന്ന എൻ. ഇ. എസ്സ്. ബ്ലോക്കുകളുടെ കാര്യത്തിൽ കുന്നത്തുനാട്-ചാലക്കുടി കമ്മ്യൂണിറ്റി പ്രോജക്റ്റിൽപ്പെടാനുള്ള കുന്നത്തുനാട് താലൂക്കിലെ അവികസിത പ്രദേശങ്ങൾക്ക് മുൻഗണന കൊടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) നാല് ഡവലപ്പ്മെൻറ് ബ്ലോക്കുകൾ ഉൾപ്പെടെ 15 ബ്ലോക്കുകൾ.

(ബി) പുതിയ ബ്ലോക്കുകൾ തുറക്കുന്നതിനുള്ള അനുവാദം പ്ലാനിംഗ് കമ്മിഷനിൽ നിന്നും ലഭിക്കേണ്ടിയിരിക്കുന്നതിനാൽ ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

(സി) ആലോചിക്കാം.

കയർ വ്യവസായസ്ഥാപനം.

* 1067. [73] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പറവൂർ വടക്കേക്കരയിലെ കയർ വ്യവസായസ്ഥാപനത്തെ ഉടൻ തീമമായ തൊഴിലില്ലായ്മ ബാധിച്ചിട്ടുണ്ടെന്നു കാണിച്ച് ഏത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട് ? അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

പറവൂർ വടക്കേക്കരയിലെ കയർ വ്യവസായസ്ഥാപനത്തെത്തുടർന്നുള്ള തൊഴിലില്ലായ്മയെ സംബന്ധിച്ച് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ കയർ അഡ്വൈസറി കമ്മിറ്റിയുടെ പ്രതിപാർശകളോടൊപ്പം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

ചെയ്കകൾ.

* 1068. [75] ശ്രീ. പി. കേശവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജനത്തിനു മുമ്പ് കൊച്ചിയുടേയും തിരുവിതാംകൂറിന്റേയും അതിർത്തികളിൽ ചെയ്കകളായി ഉപയോഗിച്ചിരുന്ന ഗവണ്മെൻറ് കെട്ടിടങ്ങൾ ഏത്ര ;

(ബി) ആ കെട്ടിടങ്ങൾ ഇപ്പോൾ എന്താവശ്യത്തിനു ഉപയോഗിച്ചുവരുന്നു;

(സി) ഉപയോഗശൂന്യമായി കിടക്കുന്നവയെത്ര ;

(ഡി) ടി സ്ഥലങ്ങൾ നശിച്ചുപോകാതിരിക്കാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) 54.

LIBRARY ARCHIVES Kerala Legislative Assembly